"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.104/2026/CLAD തീയതി,തിരുവനന്തപുരം, 07-02-2026

---

പരാമർശം:-
1. 04.01.2021 ലെ 1/2021/ധന നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.266/2025/സാംകാവ തീയതി, 15.05.2025
3. സ.ഉ.(സാധാ)നം.333/2025/സാംകാവ തീയതി, 11.06.2025
4. സ.ഉ.(സാധാ)നം.648/2025/സാംകാവ തീയതി, 04.11.2025
5. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 16.01.2026 -ലെ 1211/ഇ4/2024/എസ്.ഐ.ഇ.പി നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ "2202-05-102-98-36(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം രൂപ വിനിയോഗിച്ചു പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗ്രാന്റിന്റെ ആദ്യ ഗഡുവായി ₹30,00,000/- പരാമർശം (3) പ്രകാരവും രണ്ടാം ഗഡുവായി ₹22,50,000/- പരാമർശം (4) പ്രകാരവും അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയിനത്തിൽ മൂന്നാം ഗഡുവായി ₹64,00,000/- അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് 2025 - 26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി **2202-05-102-98-36(plan)"** എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മൂന്നാമത്തെ ഗഡുവായി **₹25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** ഭരണാനുമതി ലഭിച്ചിട്ടുള്ള ഘടകങ്ങൾക്കു മാത്രമേ തുക ചെലവഴിക്കാവൂ എന്നും ഭരണാനുമതിക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ടതാണ് എന്നുമുള്ള നിബന്ധനയോടു കൂടി അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (1) സർക്കുലർ പ്രകാരം പ്രസ്തുത തുക കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള **799012700000342** എന്ന **PSTSB** അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനുള്ള ശിപാർശയോടൊപ്പം അനുവദിച്ച തുകയുടെ വിശദമായ ചെലവ് വിവരവും ധനവിനിയോഗ സർട്ടിഫിക്കറ്റും പ്രതീക്ഷിത ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള,

തിരുവനന്തപുരം

ധനകാര്യ വകുപ്പ് 05.02.2026-ലെ 3163034/EDN-C3/121/2025-FIN നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (C1/73/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 07-02-2026 12:03:20

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്